**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **10-10-2024 - ൽ മറുപടിയ്ക്ക്**

**വട്ടുതല റെയിൽവേ മേൽപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വട്ടുതല റെയിൽവേ മേൽപാലം പദ്ധതി നിർദ്ദേശിച്ചത് ഏത് കാലഘട്ടത്തിലാണെന്നും അന്ന് പ്രോജക്ടിനായി വകയിരുത്തിയിരുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | വട്ടുതല റെയിൽവേ മേൽപ്പാലം പദ്ധതിയ്ക്ക് 2016-ൽ 35 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് പൂർത്തിയായോയെന്ന് അറിയിക്കുമോ; പദ്ധതി നടപ്പിലാക്കാനായി ആർ.ബി.ഡി.സി.കെ.യ്ക്ക് (റോഡ്സ് & ബ്രിഡ്ജസ് ഡിവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) കൈമാറിയ സ്ഥലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; നഷ്ടപരിഹാര തുക എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ; ഇനി ഏറ്റെടുക്കാനുള്ളത് എത്ര കക്ഷികളുടെ സ്ഥലമാണ് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 19(1) വിജ്ഞാപനം 11.10.2023 തീയതിക്ക് പ്രസിദ്ധീകരിച്ചു. നിലവിൽ 45 ഭൂഉടമകൾക്ക് പണം നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 17 ഭൂഉടമകളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർനടപടികൾ ആരംഭിക്കുവാൻ കഴിയും. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയശേഷം സാങ്കേതിക അനുമതി നൽകേണ്ടതുണ്ട്. തുടർന്ന് ടെണ്ടർ നടപടികളിലേക്ക് കടക്കും. ടെണ്ടർ അംഗീകരിച്ച് സൈറ്റ് കൈമാറിയാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകും. |
| (സി) | ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | ബി പിരിവിലെ അതേ മറുപടി |

സെക്ഷൻ ഓഫീസർ